**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **31-08-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ നീന്തൽ പരിശീലനം ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ കിനാൻവലിച്ചാൻ കുളത്തിൽ നീന്തൽ പരിശീലനം ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | പാറശ്ശാല മണ്ഡലത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ കിനാൻവലിച്ചാൻ കുളത്തിൽ നീന്തൽ പരിശീലനം ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടുകയും ടി റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം സ്വാഭാവിക ജലസ്രോതസ്സുള്ള കുളമാണിതെന്നും, നിലവിൽ പായൽ കൊണ്ട് മൂടിയ അവസ്ഥയിലാണെന്നും നാട്ടുകാർ കന്നുകാലികളെ കുളിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നുവെന്നും ഏകദേശം 2 ഏക്കർ വിസ്തൃതിയുള്ള ടി കുളം നവീകരിക്കുന്നതിന് വലിയൊരു തുക ആവശ്യമായി വരുമെന്നതിനാൽ സർക്കാർ ഏജൻസികൾ മുഖേന വിശദമായ പഠനം നടത്തേണ്ടതിനാൽ പ്രസ്തുത സ്ഥലം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സന്ദർശിക്കുകയും സാധ്യതാ പഠനം നടത്തുകയും നീന്തൽകുളം നിർമ്മാണത്തിന് ഏകദേശം 2.61 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും വിലയിരുത്തുകയുണ്ടായി. നിലവിൽ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തിനാൽ നിർമ്മാണ പ്രവൃത്തികൾ ആംരഭിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ